# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.912 08.01.2014-ൽ മറുപടിക്ക്**

## ആലപ്പുഴ കടിവെള്ള പദ്ധതി

| **ചോദ്യം**<br>ശ്രീ.ജി.സുധാകരൻ | **മറുപടി**<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലപ്പുഴ കടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ; | (എ) ആലപ്പുഴ കടിവെള്ള പദ്ധതി 2014 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയന്ന് വിശദമാക്കാമോ ; | (ബി) ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1) കടപ്ര പഞ്ചായത്തിൽ പമ്പാ നദിക്കരയിലെ കിണറും പമ്പ് സെറ്റും 80% പൂർത്തിയായി. ബാക്കിപ്പണി പുരോഗമിക്കുന്നു.<br>2) കരുമാടിയിലെ 62 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാല പൂർത്തിയായി.<br>3) റോ വാട്ടർ പമ്പിംഗ് മെയിൻ 45 % പൂർത്തിയായി (റീച്ച് 1)<br>4) റീച്ച് രണ്ടിന്റെ ടെണ്ടർ അംഗീകാരത്തിനായി എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ചു.<br>5) റീച്ച് മൂന്നിന്റെ ടെണ്ടർ അംഗീകാരത്തിനായി എംപവേർഡ് കമ്മറ്റിക്ക് സമർപ്പിച്ചു. |

| | | | |
|---|---|---|---|
| | | | 6) കരുമാടി പ്ലാന്റിൽ നിന്നുള്ള പമ്പിംഗ് മെയിൻ പാക്കേജ് 3(എ) 84 % പൂർത്തിയായി. 3(ബി) 55 % പൂർത്തിയായി. പാക്കേജ് 3(സി) 70%വും പാക്കേജ് 3(ഡി) 55 %വും പാക്കേജ് 3(ഇ) 95 %വും പൂർത്തിയായി.<br>7) പഞ്ചായത്തുകളിൽ സ്ഥാപിക്കേണ്ട വിതരണ ശൃംഖല 80 % പൂർത്തീകരിച്ചു. ഭൂതല സംഭരണിയുടെ പണി പൂർത്തിയാകാനുണ്ട്. |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (സി) | തടസ്സം ഉണ്ട്.<br>1) റെയിൽ വെ ക്രോസിംഗിനുള്ള അനുമതി പൂർണ്ണമായി ലഭിച്ചിട്ടില്ല.<br>2) ശുദ്ധീകരണശാലയിൽ വെള്ളം എത്തിയതിനു ശേഷം മാത്രം പൈപ്പുകൾ സ്ഥാപിച്ചാൽ മതിയെന്ന് രണ്ട് പഞ്ചായത്തു പ്രസിഡന്റുമാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ നഗരസഭാ പ്രദേശത്ത് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സർ വ്വേ ഇനിയും ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | ഈ പ്രോജക്ടിന്റെ അംഗീകരിച്ച റിപ്പോർട്ട് പ്രകാരം പൈപ്പ സ്ഥാപിച്ചു കഴിഞ്ഞ് ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ നിലവിലുള്ള പഴകിയതും മാറ്റേണ്ടതുമായ പൈപ്പുകൾ മാത്രം മാറ്റി സ്ഥാപിക്കുവാൻ മാത്രമേ തുക ഉൾ ക്കൊള്ളിച്ചിട്ടുള്ളൂ. ഇതിന് വിശദമായ സർ വ്വേയുടെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ